(സി) പദ്ധതി നടപ്പിലാക്കാനായി എല്ലാ വകപ്പ് മേധാവികൾക്കും ഉത്തരവിന്റെ കോപ്പികൾ അയച്ചുകൊടുക്കുകയും സർക്കാർ വെബ്സൈറ്റുകളായ www.kerala.gov.in, www.finance.kerala.gov.in-ൽ ഉത്തരവ് പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സന്നദ്ധരായ ജീവനക്കാരുടെ സമ്മതപത്രം വകുപ്പുതലവൻമാർ സ്വീകരിച്ച് ആയതിൻപ്രകാരം അവരുടെ ശമ്പളത്തിൽനിന്നുള്ള വിഹിതം ട്രഷറി മുഖേന പ്രസ്തുത പദ്ധതിയിലേയ്ക്ക് സമാഹരിച്ചുകൊണ്ടിരിക്കുന്നു. അക്കൗണ്ടിൽ സ്വരൂപിക്കുന്ന തുക ക്യാൻസർ ബാധിതരായ കുട്ടികളുടെ ചികിത്സാ ചെലവുകൾക്കായി തിരുവനന്തപുരം ആർ.സി.സി. മേധാവിയുടെ ശിപാർശ/ അഭ്യർത്ഥന പ്രകാരം നേരിട്ട് അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതാണ്. സമാഹരിച്ച തുക ടി പദ്ധതി പ്രകാരം വിനിയോഗിക്കാനായി അർഹതപ്പെട്ടവരുടെ പട്ടിക എത്രയും പെട്ടെന്ന് ലഭ്യമാക്കാൻ ആർ.സി.സി. ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പി.എസ്.സി.-യുടെ സാമ്പത്തിക പ്രതിസന്ധിയുടെ കാരണങ്ങൾ

9 (*159) ശ്രീ. ആർ. രാജേഷ് :
ശ്രീ. എം. എ. ബേബി :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യാനിദാന ചെലവുകൾക്കുള്ള ബില്ലുകളടക്കം ധനവകുപ്പ് തടഞ്ഞതാണ് പി.എസ്.സി.-യുടെ സാമ്പത്തിക പ്രതിസന്ധിയ്ക്ക് കാരണമായിട്ടുള്ളതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ബില്ലുകൾ ട്രഷറിയിൽനിന്നും നിയന്ത്രിച്ചുകൊണ്ട് ധനവകുപ്പ് പുറപ്പെടുവിച്ച ഉത്തരവ് ലഭ്യമാക്കുമോ ;

(സി) പരീക്ഷ, ഇന്റർവ്യൂ, പ്രായോഗിക പരീക്ഷ തുടങ്ങിയവ നടത്തുന്നതിനുള്ള തുക യഥാസമയം പി.എസ്.സി.-യ്ക്ക് ലഭ്യമാക്കാതിരിക്കുന്നതിന്റെ കാരണം വെളിപ്പെടുത്താമോ ;

(ഡി) പി.എസ്.സി.-യ്ക്ക് ആവശ്യമായ പണം സ്വയം കണ്ടെത്തുന്നതിന്റെ ഭാഗമായി ഉദ്യോഗാർത്ഥികളിൽനിന്ന് അപേക്ഷാഫീസ് ഈടാക്കാൻ പി.എസ്. സി.-യ്ക്ക് അനുവാദം നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) ഇല്ല.

(ബി) പി.എസ്.സി.-യുടെ ബില്ലുകൾ മാത്രം ബാധകമാക്കിക്കൊണ്ട് ട്രഷറി നിയന്ത്രണ ഉത്തരവ്, പുറപ്പെടുവിച്ചിട്ടില്ല.

(സി) ലഭ്യമാക്കാതിരുന്നിട്ടില്ല. സർക്കാർ ഈ സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകകൊള്ളിച്ചിരിക്കുന്നതിനേക്കാൾ അധികമായി 12 കോടി 50 ലക്ഷം രൂപ വിവിധ ഹെഡ്ഡുകളിലായി പി.എസ്.സി.-ക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.

(ഡി) ഇല്ല. ഓരോ തസ്തികയ്ക്കും 40%-ത്തിൽ അധികം വരുന്ന അനർഹരായ ഉദ്യോഗാർത്ഥികൾ അപേക്ഷ സമർപ്പിക്കുന്നത് കാരണം സർക്കാർ ലജനാവിൽ നിന്നും പാഴ്ച്ചെലവ് സംഭവിക്കുന്നുവെന്ന വിഷയം കമ്മീഷൻ പരിഗണിക്കുകയും അത് പരമാവധി നിയന്ത്രിക്കുന്നതിനുള്ള നടപടികളിൽ ഒന്ന് എന്ന രീതിയിൽ ഉദ്യോഗാർത്ഥികളിൽനിന്നും അപേക്ഷാ ഫീസ് ഈടാക്കുന്നതിന് കമ്മീഷൻ തത്വത്തിൽ തീരുമാനിച്ചു. ആയതിന് അനുമതി നൽകണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു വരികയാണ്.

നിർഭയ കേരളം പദ്ധതി

10 (*160) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. വി. എസ്. സുനിൽ കുമാർ :
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർഭയ കേരളം പദ്ധതി പൂർണ്ണമായും നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി പൂർണ്ണമായും നടപ്പാക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് ദുരൂഹ സാഹചര്യത്തിൽ കാണാതാകുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ കാണാതാകുന്നവരെ കണ്ടുപിടിക്കുന്നതിന് പ്രത്യേകമായ എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത സംവിധാനങ്ങൾ നിലവിൽ വന്നതിനുശേഷം കാണാതായ എത്ര പേരെ കണ്ടെത്താനായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇ - ബീറ്റ് പദ്ധതി വിജയകരമായി നടപ്പാക്കാൻ കഴിയാതെ പോയത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly